# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 24 01.12.2014-ൽ മറുപടിയ്ക്ക്

## മുന്നോക്കസമുദായ കോർപ്പറേഷൻ

| | ചോദ്യം<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" കെ. ശിവദാസൻ നായർ<br>" പി. സി. വിഷ്ണുനാഥ്<br>" വി.ഡി. സതീശൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മുന്നോക്ക സമുദായ കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ടോ യെന്ന് വിശദമാക്കുമോ ; | (എ) | ഉണ്ട്. 1956-ലെ കമ്പനി നിയമത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്ത് കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ 08.11.2012 മുതൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കോർപ്പറേഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) | കേരള സംസ്ഥാനത്തിലെ സംവരണ ആനുകൂല്യം ലഭിക്കാത്ത ജനവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് ഉതകുന്ന സഹായങ്ങൾ നൽകി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ ഉദ്ദേശ്യം.<br>ഈ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് 2013-14 സാമ്പത്തിക വർഷം മുതൽ വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും, വിവിധ മത്സര പരീക്ഷാപരിശീലന സഹായ പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന്റെ ഗുണഭോക്താക്കൾക്കായി തൊഴിൽ നൈപുണ്യ വികസന പദ്ധതിയും, സ്വയം തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയം സഹായസംഘങ്ങൾ/കൂട്ടുത്തരവാദിത്വസംഘങ്ങൾ എന്നിവക്ക് പലിശ സഹായപദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മുന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വിശദമാക്കാമോ ? | (സി) | മുന്നോക്ക സമുദായങ്ങളുടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ സമഗ്ര വികസനം, ക്ഷേമം എന്നിവ ലക്ഷ്യമിട്ടും വിദ്യാഭ്യാസനിലവാരം, ജീവിത നിലവാരം എന്നിവ ഉയർത്തുന്നതിനുമായാണ് കോർപ്പറേഷൻ രൂപീകൃതമായത്. പ്രസ്തുത ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ, ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ്, ടെക്നിക്കൽ കോഴ്സുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പകൾ |

| | | | |
|---|---|---|---|
| | | | അനുവദിക്കുക, മികവ് പുലർത്തുന്നവർക്കും അർഹതപ്പെട്ട വിദ്യാർത്ഥികൾക്കും സ്കോളർ ഷിപ്പുകൾ നൽകുക, ആവശ്യമെങ്കിൽ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിദ്യാഭ്യാസ സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സഹായിക്കുകയും മുതൽ മുടക്കുകയും ചെയ്യുക, ആരോഗ്യ ജീവിത സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്ഥലവും കെട്ടിടങ്ങളും വാങ്ങുകയോ ഈ ജനവിഭാഗങ്ങളുടെ താമസ സ്ഥലവും അനുബന്ധ സാഹചര്യങ്ങളും നിർമ്മിക്കാനോ റിപ്പയർ ചെയ്യാനോ സഹായം നൽകുക, സ്വന്തമായി ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകി തൊഴിലവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതുവഴി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക, പ്രാഥമിക ദ്വിതീയ മേഖലകളിൽ മറ്റു സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം നൽകുക എന്നീ ഉദ്ദേശങ്ങളാണ് കോർപ്പറേഷന്റെ പ്രവർത്തന പരിധിയിൽ മുഖ്യമായി ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ